മഹാത്മാഗാന്ധി സർവ്വകലാശാല
പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം
പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560
ഫോൺ: 0481 - 2733298

2022 സെപ്റ്റംബർ 5

# വാർത്താക്കുറിപ്പ്

---

## ഇന്റേൺഷിപ്പിന് അപേക്ഷ ക്ഷണിച്ചു

മഹാത്മാഗാന്ധി സർവ്വകലാശാല സ്‌കൂൾ ഓഫ് ബയോസയൻസസിൽ കേരള സർക്കാരിന്റെ 2020-21 സാമ്പത്തിക വർഷത്തിലെ ബജറ്റിൽ ഗവേഷണം പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച പെർഫോമൻസ് ലിംഗ്ഡ് എൻകരെയ്ജ്മെന്റ് ഫോർ അക്കാഡമിക്ക് സ്റ്റഡീസ് ആന്റ് എൻഡ്യുവർ (PLEASE) പ്രോജക്ടുമായി ബന്ധപ്പെട്ട് ഇന്റേൺസിനെ ക്ഷണിക്കുന്നു. വിശദവിവരങ്ങൾക്ക് ഫോൺ: 9446119626.

(പി.ആർ.ഒ./39/12 86/2022)

## എം.ജി. യിൽ കരാർ നിയമനം

എം,ജി. സർവകലാശാല ഇന്റർ സ്‌കൂൾ സെന്ററായ ബിസിനസ് ഇന്നോവേഷൻ ആൻഡ് ഇൻക്യുബേഷൻ സെന്ററിൽ 'ടെക്‌നോളജി ബിസിനസ് ഇൻക്യുബേറ്റർ മാനേജർ' തസ്തികയിലെ ഒരൊഴിവിലേക് വോക്-ഇൻ ഇന്റർവ്യൂ സെപ്റ്റംബർ 13 ന് ഉച്ചക്ക് 12 മണിക്ക് വൈസ് ചാൻസിലറുടെ കോൺഫറൻസ് ഹാളിൽ വെച്ച് നടക്കും. ഓൺലൈൻ ആയും പങ്കെടുക്കാവുന്നതാണ്. പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ https://bit.ly/3Qj8MGD എന്ന ഗൂഗിൾ ഫോം ലിങ്ക് വഴി സെപ്റ്റംബർ 12 വരെ അപേക്ഷിക്കാം. വിശദ വിവരങ്ങൾക്കു www.mgu.ac.in എന്ന സർവ്വകലാശാല വെബ്സൈറ്റ് സന്ദർശിക്കുക.

(പി.ആർ.ഒ./39/12 87/2022)

## പരീക്ഷാ തീയതി

മൂന്നാം സെമസ്റ്റർ (2019 വരെയുള്ള അഡ്മിഷൻ - സപ്ലിമെന്ററി), അഞ്ചാം സെമസ്റ്റർ (2018 അഡ്മിഷൻ - ഇംപ്രൂവ്മെന്റ് / 2018 വരെയുള്ള അഡ്മിഷൻ - സപ്ലിമെന്ററി) ബി.ആർക്ക് ബിരുദ പരീക്ഷകൾ യഥാക്രമം ഒക്ടോബർ ആറ്, ഏഴ് തീയതികളിൽ ആരംഭിക്കും. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

(പി.ആർ.ഒ./39/12 88/2022)

അഫിലിയേറ്റഡ് കോളേജുകളിലെ നാലാം സെമസ്റ്റർ എം.എ./ എം.എസ്.സി./ എം.കോം./ എം.എ.ജെ.എം.സി./ എം.എസ്.ഡബ്ല്യു./ എം.എം.എച്ച്./ എം.റ്റി.എ. / എം.റ്റി.റ്റി.എം. -

സി.എസ്.എസ്. (2020 അഡ്മിഷൻ - റഗുലർ / 2019 അഡ്മിഷൻ - സപ്ലിമെന്ററി) ആഗസ്റ്റ് 2022 ബിരുദ പരീക്ഷകൾ സെപ്റ്റംബർ 13 ന് ആരംഭിക്കും.

(പി.ആർ.ഒ./39/12 89/2022)

## പരീക്ഷാ ഫലം

2022 ജനുവരിയിൽ നടത്തിയ രണ്ടാം സെമസ്റ്റർ എം.എസ്.സി. ഫിഷറി ബയോളജി ആന്റ് അക്വാകൾച്ചർ (പി.ജി.സി.എസ്.എസ്. - 2020 അഡ്മിഷൻ - റഗുലർ / 2019 അഡ്മിഷൻ - സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനക്കും നിശ്ചിത ഫീസ് സഹിതം സെപ്റ്റംബർ 19 വരെ ഓൺലൈനായി അപേക്ഷിക്കാം.

(പി.ആർ.ഒ./39/12 90/2022)

2021 നവംബറിൽ നടത്തിയ നാലാം സെമസ്റ്റർ പി.ജി.സി.എസ്.എസ്. എം.എസ്.സി. അപ്ലൈഡ് ഫിഷറീസ് ആന്റ് അക്വാകൾച്ചർ (സപ്ലിമെന്ററി/ മേഴ്സി ചാൻസ്) പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനക്കും നിശ്ചിത ഫീസ് സഹിതം സെപ്റ്റംബർ 20 വരെ ഓൺലൈനായി അപേക്ഷിക്കാം.

(പി.ആർ.ഒ./39/12 91/2022)

2022 ജനുവരിയിൽ നടത്തിയ രണ്ടാം സെമസ്റ്റർ പി.ജി.സി.എസ്.എസ്. എം.എ.ജെ.എം.സി. (റഗുലർ / സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനക്കും നിശ്ചിത ഫീസ് സഹിതം സെപ്റ്റംബർ 20 വരെ ഓൺലൈനായി അപേക്ഷിക്കാം.

(പി.ആർ.ഒ./39/12 92/2022)

2022 മെയ് മാസത്തിൽ നടന്ന നാലാം സെമസ്റ്റർ എം.എസ്.സി. മെഡിക്കൽ ഡോക്യുമെന്റേഷൻ (2019 അഡ്മിഷൻ - റഗുലർ / 2017, 2018 അഡ്മിഷൻ - സപ്ലിമെന്ററി/ 2016 അഡ്മിഷൻ - മേഴ്സി ചാൻസ്), എം.എസ്.സി. അപ്ലൈഡ് മെഡിക്കൽ ഡോക്യുമെന്റേഷൻ (2009-2015 അഡ്മിഷൻ - മേഴ്സി ചാൻസ്) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മപരിശോധനക്കുള്ള അപേക്ഷ നിശ്ചിത ഫീസ് സഹിതം സെപ്റ്റംബർ 20 വരെ പരീക്ഷാ കൺട്രോളറുടെ കാര്യാലയത്തിൽ സ്വീകരിക്കും.

(പി.ആർ.ഒ./39/12 93/2022)

2021 നവംബറിൽ നടത്തിയ നാലാം സെമസ്റ്റർ പി.ജി.സി.എസ്.എസ്. എം.സി.ജെ. (സപ്ലിമെന്ററി/ മേഴ്സി ചാൻസ്) പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനക്കും നിശ്ചിത ഫീസ് സഹിതം സെപ്റ്റംബർ 20 വരെ ഓൺലൈനായി അപേക്ഷിക്കാം.

(പി.ആർ.ഒ./39/12 94/2022)

**അനിൽകുമാർ ജി.**
**പബ്ലിക് റിലേഷൻസ് ഓഫീസർ (i/c)**